I ഇ.ബി. XIV - കേരള നിയമസഭ /V-13

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം

മി. സ്പീക്കർ: മൂന്നു മാസംമുമ്പ് മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ സർവ്വകക്ഷി യോഗത്തോടെ രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതി വന്നുവെന്ന് കരുതിയ കണ്ണൂർ ജില്ലയിൽ മേയ് 12 വെള്ളിയാഴ്ച നടന്ന ചൂരക്കാട്ട് ബിജുവിന്റെ കൊലപാതകത്തോടെ സമാധാന ജീവിതത്തിന് ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ ഭീഷണിയും സംസ്ഥാന

ഭരണത്തലവനായ ഗവർണ്ണർതന്നെ ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് നിർദ്ദേശം നൽകേണ്ടി വന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ചും ശ്രീ. ഒ. രാജഗോപാൽ ചട്ടം 304 പ്രകാരവും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017 മേയ് 12-ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ബി.ജെ.പി. പ്രവർത്തകനായ ബിജു കൊലചെയ്യപ്പെട്ട സംഭവം ദൗർഭാഗ്യകരവും അപലപനീയവുമാണ്. സർവ്വകക്ഷി യോഗത്തോടെ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻതന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 11.7.2016-ന് പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ രാമന്തളിയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ധനരാജിനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായിരുന്നു ബിജു. രാഷ്ട്രീയ സംഘർഷങ്ങൾ ഉണ്ടാക്കാതിരിക്കാൻ എല്ലാ കക്ഷികൾക്കും ഉത്തരവാദിത്വമുണ്ട്. 2017 ഫെബ്രുവരി 14-ന് സർവ്വകക്ഷി യോഗത്തിന് മുന്നോടിയായി ഉഭയകക്ഷി ചർച്ചയും രാഷ്ട്രീയ കക്ഷികളുടെ സംസ്ഥാന ജില്ലാ ഭാരവാഹികൾ പങ്കെടുത്ത സർവ്വകക്ഷി സമാധാന

യോഗവും കണ്ണൂരിൽ നടക്കുകയുണ്ടായി. എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി പരിധിയിലും സ്ഥിരം സമാധാന സമിതികൾ രൂപീകരിക്കാൻ ഓരോ രാഷ്ട്രീയ പാർട്ടിയും സർവ്വകക്ഷി യോഗത്തിലേയ്ക്ക് ഒരു സ്ഥിരം അംഗത്തെ നിയോഗിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇതുവരെ 220 പ്രാദേശിക സർവ്വകക്ഷി യോഗങ്ങൾ നടന്നിട്ടുണ്ട്. ഈ കാര്യത്തിൽ പോലീസ് കർശന നടപടികൾ എടുക്കുകയും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്യും. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.-യുടെ നേതൃത്വത്തിൽ 13.05.2017-ന് ഗവർണ്ണർക്ക് നൽകിയ നിവേദനം സർക്കാരിന് അയച്ചുതന്നിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ ഒഴിവാക്കി സമാധാനം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 1958-ൽ കേന്ദ്രം കൊണ്ടുവന്ന സായുധസേനാ പ്രത്യേക അധികാര നിയമം കണ്ണൂരിൽ നടപ്പാക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും കേരളത്തിൽ ഇത് ബാധകമാക്കണമെങ്കിൽ പ്രത്യേക നിയമം കൊണ്ടുവരണം. ഇത് നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെല്ലാം പൗരാവകാശ ലംഘനം നടക്കുന്നതിനാൽ ഈ നിയമം നടപ്പാക്കുന്നതിനോട് സംസ്ഥാന സർക്കാരിന് യോജിപ്പില്ല. ബിജുവിന്റെ കൊലപാതകത്തിൽ പോലീസ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർവ്വകക്ഷി ചർച്ചയിലൂടെ കണ്ണൂരിലെ സമാധാനം

പുന:സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചത്. ബിജുവിന്റെ മരണവുമായി ബന്ധപ്പെട്ട് പയ്യന്നൂരിൽ രാഷ്ട്രീയ സംഘർഷമോ വിവാദമോ ഉണ്ടായിട്ടില്ല. വളരെ ബോധപൂർവ്വം മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയനുസരിച്ച് കൊല ചെയ്യുകയായിരുന്നു. 2016 മേയ് മാസം മുതൽ 19 രാഷ്ട്രീയ കൊലപാതകങ്ങളാണ് സംസ്ഥാനത്തുണ്ടായത്. കണ്ണൂർ ജില്ലയിൽ മാത്രം 8 കൊലപാതകങ്ങൾ നടന്നു. ഇവിടെ നിയമവാഴ്ചയുടെ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ് പി. സദാശിവത്തെക്കുറിച്ച് ബി.ജെ.പി. നേതാക്കൾ നടത്തിയ പരാമർശങ്ങൾ പിൻവലിച്ച് മാപ്പുപറയണം. അണികളെ അക്രമാസക്തരാക്കാൻ ബോധപൂർവ്വമായ ശ്രമമാണ് സി.പി.ഐ.(എം.) നടത്തുന്നത്. കൊലയാളികൾക്കുവേണ്ടി ഫണ്ട് ശേഖരിക്കുകയും അവരുടെ കുടുംബങ്ങൾക്ക് പൂർണ്ണമായ സംരക്ഷണം നൽകുകയും ചെയ്യുന്നത് അക്രമരാഷ്ട്രീയത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കും. കണ്ണൂരിലെ സമാധാനം പുനഃസ്ഥാപിക്കാൻ ഭരണകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിക്ക് ബാദ്ധ്യതയുണ്ട്. യാതൊരു പ്രകോപനവുമില്ലാതെ കണ്ണൂർ ജില്ലയിൽമാത്രം സംഘർഷങ്ങൾ ആവർത്തിക്കുന്നത് ദൗർഭാഗ്യകരമാണ്. പോലീസിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. കൊലപാതകങ്ങളെ ഒറ്റപ്പെട്ട സംഭവമായി നിസ്സാരവൽക്കരിക്കരുത്. സംസ്ഥാനത്തെ ഭരണകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയും കേന്ദ്ര ഭരണകക്ഷിയായ

ബി.ജെ.പി.- യും മത്സരിച്ച് നടത്തുന്ന കൊലപാതകങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളും കേരളത്തിന്റെ സമാധാനാന്തരീക്ഷം തകരാറിലാക്കിയിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സമാധാന സംഭാഷണം എല്ലാ കക്ഷികളും ഗൗരവപൂർവ്വം ഉൾക്കൊള്ളുകയും കക്ഷിനേതാക്കളെടുക്കുന്ന തീരുമാനങ്ങൾ താഴെത്തട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്ന് തീരുമാനിക്കുകയും ഇതിൽനിന്നും വ്യത്യസ്തമായ സംഭവങ്ങളുണ്ടാകുകയാണെങ്കിൽ യോജിച്ച ഇടപെടൽ നടത്തണമെന്നും തീരുമാനിച്ചിരുന്നു. കണ്ണൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ എല്ലാവരുടെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടാകണം. സംസ്ഥാന ബി.ജെ.പി. നേതൃത്വം ഗവർണ്ണറെ ഭീഷണിപ്പെടുത്താൻ ഈ അവസരം വിനിയോഗിച്ചത് ദൗർഭാഗ്യകരാണ്. ഗവൺമെന്റ് നിലപാട് ഗവർണ്ണറെ ധരിപ്പിക്കുന്നതാണ്. ഗവർണ്ണർക്കെതിരെ പരസ്യമായി ഭീഷണി മുഴക്കുന്നത് ജനാധിപത്യ സംവിധാനത്തിന് യോജിച്ചതല്ല. അദ്ദേഹത്തെ തെറ്റായ രീതിയിൽ ഉപയോഗപ്പെടുത്താനാണ് ബി.ജെ.പി. നേതൃത്വം ശ്രമിക്കുന്നത്. ആംഡ് ഫോഴ്സ്സ് സ്പെഷ്യൽ പവർ ആക്ട് എന്ന കേന്ദ്ര നിയമം കേരളത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നതിനോട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ വിയോജിക്കുകയാണ്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനെതിരെ നിരവധി സമരങ്ങൾ നടക്കുകയുണ്ടായി.

ഈ നിയമത്തിന്റെ മറവിൽ നിരവധി ക്രൂരകൃത്യങ്ങൾ രാജ്യത്ത് സംഭവിച്ചു. കണ്ണൂർ ജില്ലയിൽ ഈ നിയമം നടപ്പിലാക്കി കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങളെ തകർക്കാനാണ് ആർ.എസ്.എസ്. ശ്രമിക്കുന്നത്. തെറ്റായ കാര്യങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുപകരം അമിതാധികാര പ്രവണതയോടുകൂടിയ ഈ നിയമം നടപ്പാക്കി അതിക്രൂരമായ നടപടികളിലേയ്ക്ക് പോകുന്നതിനോട് യോജിക്കാനാകില്ല. സർവ്വകക്ഷി യോഗത്തിലെ സമാധാന സംഭാഷണത്തിന്റെ ഫലം തുടർന്നും കേരളത്തിലുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകത്തിന്റെ പേരിൽ സമാധാന ശ്രമങ്ങൾക്ക് തടയിടുകയല്ല വേണ്ടത്. കുറ്റക്കാർക്കെതിരെ കർക്കശമായ നടപടികളെടുക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ, ഡോ. എൻ. ജയരാജ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം

സഭയിൽ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി യു. പ്രതിഭ ഹരി: സംസ്ഥാനത്തെ പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിലെ ന്യൂനതകൾ പരിഹരിക്കണം. അദ്ധ്യാപകരും ആയമാരുമടക്കം അയ്യായിരത്തോളം പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി നിലകൊള്ളുന്ന ഇവർ അനുഭവിക്കുന്ന പ്രതിസന്ധി വളരെ വലുതാണ്. ആദ്യഘട്ടങ്ങളിൽ വേതനമില്ലാതെ ജോലി ചെയ്തിരുന്ന ഇവർ നിരവധി പ്രക്ഷോഭങ്ങളിലൂടെയും കോടതി ഇടപെടലുകളിലൂടെയുമാണ് വേതനം നേടിയെടുത്തത്. മറ്റ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ കൃത്യസമയത്ത് ശമ്പളമുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്കുകൂടി നൽകുന്നതിനുള്ള നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് സർക്കാർ നേരിട്ടും പി.ടി.എ.-യുടെ നേതൃത്വത്തിലും നടത്തുന്ന രണ്ടുതരത്തിലുള്ള പ്രീ-പ്രൈമറി സംവിധാനമാണ് നിലവിലുള്ളത്. 1988-ലാണ് പി.ടി.എ.-യ്ക്ക് ഇതിന് അനുവാദം നൽകിയത്. ഈ മേഖലയിൽ നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ച അദ്ധ്യാപകർക്ക്

എൽ.പി.എസ്.എ.-യുടെ ശമ്പളസ്കെയിലും ആയമാർക്ക് ക്ലാസ്-4 ജീവനക്കാരുടെ ശമ്പളസ്കെയിലും അനുവദിച്ചുനൽകിയിട്ടുണ്ട്. സ്വന്തം ചെലവിൽ ക്ലാസ്സുകൾ നടത്തണമെന്ന നിബന്ധനയോടുകൂടിയാണ് പി.ടി.എ.-യ്ക്ക് അനുവാദം നൽകിയത്. പി.ടി.എ.-യുടെ നേതൃത്വത്തിലുള്ള പ്രീ-പ്രൈമറി ജീവനക്കാർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 01.08.2012-ൽ ഓണറേറിയം അനുവദിക്കുകയുണ്ടായി. 1988 മുതൽ പി.ടി.എ. നിയന്ത്രണത്തിൽ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിച്ചെങ്കിലും ഇവർ കെ.എസ്.ആർ.-ന്റെയോ മറ്റ് റൂൾസിന്റെയോ പരിധിയിൽ ഉൾപ്പെട്ടിരുന്നില്ല. സേവന-വേതന വ്യവസ്ഥകൾ ഇപ്പോൾ നിയമനാധികാരിയുടെ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. പി.ടി.എ.-യുടെ നേതൃത്വത്തിലുള്ള പ്രീ-പ്രൈമറി സ്കൂളുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) പാർവ്വതീപുത്തനാറിന്റെ ശോചനീയാവസ്ഥ

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം നഗരത്തിലെ പാർവ്വതീപുത്തനാർ നവീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

സമീപത്തെ വീടുകളിൽനിന്നുള്ള കക്കൂസ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ നിക്ഷേപിക്കുന്നതിനാൽ പാർവ്വതീപുത്തനാർ മലിനപ്പെടുകയും രോഗങ്ങൾ പടർന്നുപിടിക്കുകയും പരിസരവാസികൾക്കും കാൽനടയാത്രക്കാർക്കും ദുർഗന്ധംമൂലം സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. മഴക്കാലം ആരംഭിക്കുന്നതിനുമുമ്പ് ആറിൽ നിന്ന് പോളകൾ നിർമ്മാർജ്ജനം ചെയ്ത് വെള്ളപ്പൊക്കം തടയുന്നതിന് നടപടി സ്വീകരിക്കണം. പാർവ്വതീപുത്തനാറിന്റെ ഇരുവശത്തും പൈപ്പുകൾ സ്ഥാപിച്ച് കക്കൂസ് മാലിന്യങ്ങൾ ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിക്കുന്ന നടപടിക്ക് പ്രഥമ പരിഗണന നൽകണം. സൈഡ്‌വാൾ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിച്ച് തോടിനെ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. പാർവ്വതീ പുത്തനാറിന് കുറുകെയുള്ള പെരുനെല്ലി പാലത്തിനും വള്ളക്കടവ് പാലത്തിനും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വള്ളക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പാർവ്വതീപുത്തനാറിന്റെ നവീകരണ പ്രവർത്തനത്തിന്റെ ഒന്നാംഘട്ടത്തിന് ഇരുപത് കോടി രൂപയുടെ പദ്ധതി കെ.ഐ.ഐ.ഡി.സി. വഴി കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചു കഴിഞ്ഞു. പാർവ്വതീപുത്തനാറിന്റെ ശോചനീയാവസ്ഥ രണ്ട് ഘട്ടങ്ങളിലായി പരിഹരിക്കുന്നതാണ്. ആറിന്റെ പാർശ്വങ്ങളിലെ കയ്യേറ്റമാണ് വികസനത്തിനുള്ള പ്രധാന തടസ്സം. റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ കനാൽ സ്ഥലം നിർണ്ണയിച്ച് അതിർത്തിക്കല്ല് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരികയാണ്. പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ഭവനരഹിതരെ പുനരധിവസിപ്പിച്ച് ഭൂമി ഏറ്റെടുത്തശേഷമുള്ള രണ്ടാംഘട്ട പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കും. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും പ്രത്യേക യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. 'ഓപ്പറേഷൻ അനന്തയിൽ' ഉൾപ്പെടുത്തി ഇതിന്റെ പ്രവർത്തനം ഏതുഘട്ടംവരെ ചെയ്തുവെന്ന് കണ്ടെത്തിയശേഷം തുടർനടപടികളുടെ പുരോഗതിയെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

### (1) നേമം പോലീസ് സ്റ്റേഷനിലെ മർദ്ദനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നേമം പോലീസ് സ്റ്റേഷനിൽ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സജീറിനെ മർദ്ദിക്കുകയും ജനനേന്ദ്രിയം തകർക്കുകയും ചെയ്തതുസംബന്ധിച്ച് നിഷ്പക്ഷ അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വെള്ളായണിയിൽ ഒരു കരാറുകാരന്റെ കീഴിൽ ഡെക്കറേഷൻ ജോലികൾ ചെയ്തുവരുന്ന എറണാകുളം സ്വദേശിയായ അനീഷിനെ ശ്രീജിത്ത് എന്നയാൾ കരണത്തടിച്ച് പരിക്കേൽപ്പിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് നേമം പോലീസ് സ്റ്റേഷനിൽ 14.05.2017-ന് ഇരുവരെയും വിളിച്ചുവരുത്തിയത്. പട്രോളിംഗ് ഡ്യൂട്ടി കഴിഞ്ഞെത്തിയ എസ്.എച്ച്.ഒ.-യും സി.പി.ഒ.-യും ഇരുകൂട്ടരുമായി സംസാരിച്ചിരിക്കെ നേമം യൂത്ത് കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് സജീർ ശ്രീജിത്തിനെ സ്റ്റേഷനിൽ വിളിച്ചുവരുത്തിയതിനെ ചോദ്യം ചെയ്യുകയും സ്റ്റേഷനിലെ റിസപ്ഷൻ കൗണ്ടറിന്റെ ഗ്ലാസ്സും ഫ്രെയിമും അടിച്ചുപൊട്ടിക്കുകയും ചെയ്തതിനെത്തുടർന്ന് സജീറിനെ കസ്റ്റഡിയിലെടുത്തു. ചികിത്സാ സഹായം വേണമെന്ന സജീറിന്റെ ആവശ്യപ്രകാരം ടിയാനെ ജനറൽ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ച് ചികിത്സ നൽകിവരുന്നു. സംഭവത്തിൽ പരിക്കേറ്റ

സി.പി.ഒ. അജയൻ നേമം ശാന്തിവിള ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. പോലീസ് ഡ്യൂട്ടിക്ക് തടസ്സം വരുത്തിയതിനും പൊതുമുതൽ നശിപ്പിച്ചതിനും സജീറിനെതിരെ നേമം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പോലീസ് സ്റ്റേഷനിൽ നടന്നതായി ആരോപിക്കപ്പെട്ട സംഭവം സംബന്ധിച്ച് ഡി.സി.പി. അഡ്മിനിസ്ട്രേഷൻ അന്വേഷണം നടത്തിവരികയാണ്. ഇവിടെ ഉന്നയിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതാണ്.

## (2) കോളനി നവീകരണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം നിയോജകമണ്ഡലത്തിൽപ്പെട്ട മുള്ളുമല, നരിക്കുഴി കോളനികളുടെ നവീകരണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പത്തനാപുരം നിയോജകമണ്ഡലത്തിൽപ്പെട്ട തുറവന്നൂർ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയായ മുള്ളുമലയുടേയും മേലില പഞ്ചായത്തിലെ പട്ടികജാതി കോളനിയായ നരിക്കുഴി കോളനിയുടേയും നവീകരണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'ഹാംലെറ്റ് വികസന' പദ്ധതിയിലും പട്ടികജാതി വികസന

വകുപ്പിന്റെ 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയിലും ഉൾപ്പെടുത്തി ഓരോ കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകുകയും ഇംപ്ലിമെന്റിംഗ് ഏജൻസിയായി എഫ്.ഐ.റ്റി.-യെ മുൻ ഗവൺമെന്റ് ചുമതലപ്പെടുത്തുകയും ചെയ്തു. മുള്ളുമല കോളനിയിൽ വീടുകളുടെ വൈദ്യുതീകരണം, കിണർ, കക്കൂസ്, വീട് അറ്റകുറ്റപ്പണി, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണവും നരിക്കുഴി കോളനിയിൽ 20 വീടുകളുടെ പ്ലാസ്റ്ററിംഗ്, വൈറ്റ് സിമന്റ് വാഷിംഗ്, രണ്ട് വീടുകളുടെ റൂഫ് റിപ്പെയറിംഗ് എന്നിവയും ഉൾക്കൊള്ളുന്ന പദ്ധതിയായിരുന്നു ഇത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഒന്നാം ഗഡുവായി 19.83 ലക്ഷം രൂപയും രണ്ടാം ഗഡുവായി 40 ലക്ഷം രൂപയും പട്ടികജാതി വികസന വകുപ്പ് 65 ലക്ഷം രൂപയുമാണ് ഇതുവരെ എഫ്.ഐ.റ്റി.-ക്ക് അനുവദിച്ചത്. രണ്ട് പദ്ധതികളിലും അപാകതകളുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നേരിട്ട് എഫ്.ഐ.റ്റി. അധികൃതരുമായി ചർച്ച നടത്തി നിർമ്മാണപ്രവർത്തനങ്ങൾ 30.6.2017-നുള്ളിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയെങ്കിലും ഏജൻസി യാതൊരു നടപടിയും സ്വീകരിച്ചില്ല. മൂന്നാം ഗഡു അനുവദിക്കണമെങ്കിൽ നിർമ്മാണപ്രവർത്തനങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിയമനടപടി സ്വീകരിക്കുമെന്നും എഫ്.ഐ.റ്റി.-യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനും

കോളനികളുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനും പുനലൂർ ട്രൈബൽ ഓഫീസറുമായി ബന്ധപ്പെട്ട പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കും. ഈ വർഷം മുതൽ സമഗ്ര ഊര് വികസനവും പട്ടികജാതി കോളനി വികസനവുമായി ബന്ധപ്പെട്ട പരിപാടികൾ പരാതിരഹിതമായി മുന്നോട്ടുകൊണ്ടുപോകും.

(3) നായിഡു സമുദായത്തെ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. മുരളീധരൻ: നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നായിഡു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ടെന്ന് കിർത്താർഡ്സ് കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. കിർത്താർഡ്സിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി പിന്നോക്കവിഭാഗ കമ്മീഷൻ ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കുടിവെള്ള വിതരണം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകരയിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച എ.സി. പൈപ്പുകൾ സ്ഥിരമായി പൊട്ടി കുടിവെള്ള വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : കിഫ്ബിയിലും സ്റ്റേറ്റ് പ്ലാനിലും ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മാരായമുട്ടം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കായി 70 ലക്ഷം രൂപയുടെയും ആര്യങ്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കായി 80 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകൾ പൊട്ടി വെള്ളം പാഴാക്കുന്നത് തടയാൻ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റു സ്ഥലങ്ങളിലെ പൈപ്പുകൾ ഘട്ടം ഘട്ടമായി മുൻഗണനാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (5) പാലം നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: ശൂരനാട് ഗ്രാമപഞ്ചായത്തിനേയും തൊടിയൂർ

ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ചേലക്കോട്ടുകുളങ്ങര-വലിയതറകടവ് പാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശൂരനാട് ഗ്രാമപഞ്ചായത്തിനേയും തൊടിയൂർ ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ചേലക്കോട്ടുകുളങ്ങര-വലിയതറകടവ് പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ജോലികൾ പുരോഗമിക്കുകയും ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ വിവരങ്ങൾ ശേഖരിച്ചു വരികയുമാണ്. പാലത്തിന് സമീപം പി.ഡബ്ല്യു.ഡി. അതിർത്തിനിർണ്ണയ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി-കുന്നത്തൂർ താലൂക്കുകളിലുൾപ്പെട്ട ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് വിവരങ്ങളും ഡിസൈനും പി.ഡബ്ല്യു.ഡി.-ക്ക് ലഭ്യമാകുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

### (6) ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിർമ്മാണം

ഡോ. എൻ. ജയരാജ്: എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് മുടങ്ങിക്കിടന്ന വാഴൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം, ചേലപ്പാടി ആർ.വി.ജി.എച്ച്.എസ്. സ്കൂൾ കെട്ടിടം, മണങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ കാഞ്ഞിരപ്പള്ളി തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രദേശങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. എം.പാനൽ സംവിധാനം കിഫ്ബിയിൽ നിക്ഷിപ്തമായതിനാൽ അതിലുൾപ്പെടുന്നവർക്കാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത്.

(7) <u>കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് തുക അനുവദിച്ച് കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് പദ്ധതിക്കായി ഏകദേശം 7.3 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും 25 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചതിന്റെയടിസ്ഥാനത്തിൽ 1.23 ഹെക്ടർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫോർമേഷൻ ബേസും സബ്ബേസും

നിർമ്മിക്കുന്നതിനായി മണ്ണെടുത്തപ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിന് പറ്റിയ തകരാറ് പരിഹരിക്കുന്നതിനായി 90 ലക്ഷത്തോളം രൂപ വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 28 കോടിയോളം രൂപയാണ് ആവശ്യമുള്ളത്. ഇതുസംബന്ധിച്ച് എസ്റ്റിമേറ്റുൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരിക്കുകയാണ്.

(8) കൺസ്ട്രക്ഷൻ അക്കാദമി

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ രാജ്യാന്തര നിലവാരമുള്ള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരളത്തിലെ നിർമ്മാണ മേഖലയിലെയും അനുബന്ധ മേഖലകളിലെയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുഗുണമായ ആധുനിക പരിശീലനം ബോർഡിലെ തൊഴിലാളികൾക്കും ആശ്രിതർക്കും നൽകുകയെന്ന ലക്ഷ്യത്തോടെ 'കേരള കൺസ്ട്രക്ഷൻ അക്കാദമി' ആരംഭിക്കുന്നതിന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് തീരുമാനിക്കുകയും പത്ത് ഏക്കർ സ്ഥലം ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽനിന്നും ബോർഡ് വിലയ്ക്ക് വാങ്ങുകയും ചെയ്തിരുന്നു.

അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ മുൻ എൽ.ഡി.എഫ്. സർക്കാർ അംഗീകരിക്കുകയും  തറക്കല്ലിടുകയും ചെയ്തിരുന്നു. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ നിലവിൽ വന്ന സാഹചര്യത്തിൽ കേരള കൺസ്ട്രക്ഷൻ അക്കാഡമി വൈൻഡ് അപ് ചെയ്യുന്നത് സംബന്ധിച്ച് ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത സ്ഥാപനം നിർത്തലാക്കേണ്ടതില്ലെന്നും ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ പത്ത് ഏക്കർ സ്ഥലത്തുതന്നെ അക്കാഡമി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ തൊട്ടടുത്ത സ്ഥലങ്ങളിലായി രണ്ട് കൺസ്ട്രക്ഷൻ അക്കാഡമികൾക്ക് പ്രവർത്തിക്കാൻ കഴിയുമോയെന്ന കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിലുള്ള സ്ഥലം എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നത് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണ്.

## (9) മത്സ്യത്തൊഴിലാളി സഹായ പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിക്കുള്ള ധനസഹായം നാലുലക്ഷം രൂപയായും ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിവാഹ ധനസഹായം 10,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ മരണമടയുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം 50,000 രൂപയായും അനുബന്ധ തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം 15,000 രൂപയായും വാർദ്ധക്യകാല പെൻഷൻ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നടപ്പിലാക്കിയിരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തുക ഡിസംബർ മാസം മുതൽ 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ആനുകൂല്യങ്ങൾ പരമാവധി വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

(10) ജലവൈദ്യുത പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): 45.36 കോടി രൂപ ചെലവ് വരുന്ന ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയുടെ 5.31 കോടി രൂപയുടെ പണികൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. തുടക്കത്തിൽ 3.49 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്ത് നൽകാൻ കഴിഞ്ഞത്. സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ നിർമ്മാണ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടിവന്നു. എന്നാൽ പഴയ നിരക്കിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വന്നതിനാൽ നിരക്ക് വർദ്ധന അനുവദിക്കണമെന്ന് കരാറുകാർ ആവശ്യപ്പെടുകയും പണി മുടങ്ങുകയും 4-3-16-ന് കരാർ ക്ലോസ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തു. പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി 61 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ ജോലികളും ബാക്കി പണികളും ടെണ്ടർ ചെയ്ത് പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

## IV റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ എട്ട് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

### 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (1164,99,50,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (854,93,08,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം (2909,32,57,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. പി. കെ. ശശി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിനെ ഏകോപിപ്പിച്ച് ഊർജ്ജസ്വലമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തെ ശക്തമായൊരു സാമൂഹ്യപ്രസ്ഥാനമാക്കി മാറ്റാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. പഞ്ചായത്ത് ഭരണസമിതികളെയും ജില്ലാ പഞ്ചായത്തുകളെയും പിരിച്ചുവിട്ടുകൊണ്ടും ഗ്രാമസഭകളെയും കർമ്മസമിതികളെയും ഗുണഭോക്തൃ സമിതികളെയും തകർത്തുകൊണ്ടും ജനകീയാസൂത്രണത്തെ അട്ടിമറിക്കാനാണ് മുൻ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചിരുന്നത്. ഇ.എം.എസ്. ഭവന പദ്ധതി, മാലിന്യവിമുക്ത കേരളം തുടങ്ങിയ ജനകീയ പദ്ധതികളെല്ലാം അട്ടിമറിക്കുകയും കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാനായി ജനശ്രീ പദ്ധതി നടപ്പാക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ന്യായമായ ആനുകൂല്യം നൽകാൻ സർക്കാർ തയ്യാറാകണം. പൊതുശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ നടപടിയുണ്ടാകണം. മാലിന്യസംസ്കരണത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. കാർഷിക മേഖലയ്ക്കുള്ള വിഹിതത്തിൽ വർദ്ധനവ് വരുത്തിയ നടപടി അഭിനന്ദനാർഹമാണെങ്കിലും അതിനനുസരിച്ച് ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിയാത്തത് പോരായ്മയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ

ഡബിൾ എൻട്രി സിസ്റ്റം ഏർപ്പെടുത്തിയതും ജനന മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനാക്കിയതും മുൻ സർക്കാരിന്റെ നേട്ടങ്ങളാണ്. പഞ്ചായത്തുകൾക്കായി പ്രത്യേക എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നത് എഞ്ചിനീയർമാരുടെ സീനിയോറിറ്റിയേയും പദ്ധതി നിർവ്വഹണത്തേയും ബാധിക്കും. ദ്വിവർഷ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകുന്നതോടൊപ്പം തനതുവരുമാനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം സർക്കാർ പരിശോധിക്കണം. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ടും നവകേരള മിഷൻ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായും സർക്കാർ മുന്നോട്ടുപോകുകയാണ്. ഒ.ഡി.എഫ്. സംസ്ഥാനമെന്ന നിലയിൽ തുടർ പ്രവർത്തനങ്ങൾക്കും നഗരകേന്ദ്രങ്ങളിൽ മാതൃകാ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. തദ്ദേശ ഭരണ വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിനും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കാനുമുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ തസ്തികകൾ എല്ലാ പഞ്ചായത്തുകളിലും ഉറപ്പാക്കണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന് ആവശ്യമായ

തുക വകയിരുത്തുന്നതിനും രൂക്ഷമായ വരൾച്ച നേരിടുന്നതിന് കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും നേഴ്സറി ടീച്ചർമാരുടെയും ആയമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും മദ്രസാ അദ്ധ്യാപകർക്ക് ഭവനവായ്പാ പദ്ധതി ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾ ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്ത പഞ്ചായത്ത് വകുപ്പ് ഒരു മന്ത്രിയെ ഏൽപ്പിച്ച നടപടി സർക്കാർ പുനഃപരിശോധിക്കണം. കഴിഞ്ഞ വർഷത്തെ ക്യാരി ഓവർ തുക പഞ്ചായത്തുകൾക്ക് നൽകാത്ത സർക്കാർ നിലപാട് വഞ്ചനയാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് മൂന്ന് കെട്ടിടനിയമങ്ങൾ നടപ്പിലാക്കാനുള്ള തീരുമാനത്തിൽനിന്നും സർക്കാർ പിൻമാറണം. കെട്ടിട നിർമ്മാണ പെർമിറ്റുകൾ കൊടുക്കുന്നതിലെ കാലതാമസവും അഴിമതിയും ഒഴിവാക്കുന്നതിന് മുൻസർക്കാർ പഞ്ചായത്തുകളുടെ കീഴിൽ നടപ്പിലാക്കിയ ഐ.കെ.എം. ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഇല്ലാതാക്കാനുള്ള ശ്രമം ഒഴിവാക്കണം. കെ.എസ്.യു.ഡി.പി.-യുടെ

കോടിക്കണക്കിന് രൂപയുടെ അസറ്റ് ഹാന്റ് ഓവർ ചെയ്യാനോ ടേക്ക് ഓവർ ചെയ്യാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല.

ശ്രീ. പി. വി. അൻവർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു നാടിന്റെ പൊതു വികസനത്തിന്റെ അടിസ്ഥാനം തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പഞ്ചായത്ത്, നഗരകാര്യം, നഗരാസൂത്രണം തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് ആരംഭിക്കാനുള്ള നടപടി പ്രശംസനീയമാണ്. ഇതിലൂടെ വികസന കാര്യത്തിൽ കാലതാമസമൊഴിവാക്കുന്നതിനും വകുപ്പിനെ അഴിമതിമുക്തവും സുതാര്യവുമാക്കുന്നതിനും കഴിയും. പൊതുജനങ്ങളുടെ പരാതി സമയബന്ധിതമായി പരിഹരിക്കുന്നതിന് ഫോർ ദ പീപ്പിൾ എന്ന പേരിൽ ആരംഭിച്ച വെബ്സൈറ്റ് സ്വാഗതാർഹമാണ്. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നവകേരള ജനകീയാസൂത്രണം എന്ന ലക്ഷ്യത്തോടെ പദ്ധതി രൂപീകരണ-നിർവ്വഹണ മാർഗ്ഗരേഖകൾ ഉത്തരവുകളായി കൊടുത്തുകഴിഞ്ഞു. 2017 മേയ് മാസത്തോടെ കേരളം സമ്പൂർണ്ണ വെളിയിട വിസ്സർജ്ജന വിമുക്ത സംസ്ഥാനമായി മാറുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ ടെണ്ടറുകളും ബില്ലുകളും തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രൈസ് സോഫ്റ്റ്വെയർ

സംവിധാനം നടപ്പിലാക്കിയതും 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പൊതുമരാമത്ത് വർക്കുകൾ ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയതും പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്രഷ് ചെയ്ത് 10 ശതമാനം റോഡ് ടാറിംഗിന് ഉപയോഗിക്കാനുള്ള തീരുമാനവും ശ്രദ്ധേയമാണ്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് ലോകബാങ്ക് ഫണ്ടിൽനിന്നും 6 കോടി രൂപ വകയിരുത്തിയതുവഴി മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ജനങ്ങൾക്ക് നൽകുവാൻ സാധിക്കും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചതിലൂടെ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയായിട്ടുള്ളതുമായ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ കൊടുക്കാൻ ഉത്തരവ് നൽകിയതുവഴി വളരെയധികം ആളുകൾക്ക് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ളം എന്നിവ ലഭ്യമാക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. വികസന പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം ഒഴികെയുള്ള ആനുകൂല്യങ്ങൾക്ക് വരുമാന പരിധി ഉയർത്തിയത് ശ്ലാഘനീയമാണ്. പഞ്ചായത്ത് സെക്രട്ടറിമാരുടെ കേസുകൾ തീർപ്പാക്കി നിയമനങ്ങളും പ്രൊമോഷനുകളും നൽകിയതും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. 2008-നുമുമ്പ് നികത്തുകയോ നികത്തപ്പെടുകയോ ചെയ്തതും

ഡാറ്റാബാങ്കിലോ കരട് ഡാറ്റാബാങ്കിലോ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയിൽ നിർമ്മാണ അനുമതിയുള്ള പെർമിറ്റ് നൽകുന്നതിന് സഹായകരമായ രീതിയിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സംബന്ധിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം മാർച്ച് 31-ാം തീയതി വരെ സംസ്ഥാനത്ത് 681.73 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 83 പ്രോജക്ടുകളിലായി 4.27 ലക്ഷം ഹെക്ടർ പ്രദേശത്ത് നീർത്തട പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും 18.36 ഹെക്ടർ പ്രദേശത്ത് അധികമായി ജലസേചനമെത്തിക്കാനും 13,016 കർഷകർക്ക് പ്രയോജനം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ മഴവെള്ള കൊയ്ത്തിനും ജലസംഭരണത്തിനും ഉതകുന്ന 439 പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും നിലവിലുള്ള 420 നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് ചെയ്യാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ഡോ. എൻ. ജയരാജ്</u>: തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ അവ്യക്തതകളും സാങ്കേതിക തടസ്സങ്ങളും ലഘൂകരിക്കുന്നതിനും

ദീർഘകാല കാഴ്ചപ്പാടോടുകൂടിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. സമഗ്രമായ ജില്ലാ പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിനും ഉദ്യോഗസ്ഥ മേധാവിത്വം ഒഴിവാക്കുന്നതിനും ശ്രമം നടത്തണം. വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഏകോപനമുണ്ടാക്കുകയും ഗ്രാമസഭകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുകയും വേണം. ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം കേരളത്തിന്റെ വികസന സാദ്ധ്യതകളെയും വിഭവങ്ങളെയും സംബന്ധിച്ച് കൃത്യമായ ആസൂത്രണമുണ്ടാകുകയും വേണം. സർവ്വകലാശാലകളുൾപ്പെടെയുള്ള അക്കാദമിക് മേഖലയെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനെക്കുറിച്ചും ലൈഫ് പദ്ധതിയുടെ ഭാഗമായി ടെറസിനുപകരം പരിസ്ഥിതിസൗഹൃദ ഓടുമേഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ ഏർപ്പെടുത്തണം. മണ്ണെടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്നതിനും കിണർ റീച്ചാർജ്ജിംഗിനും മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ കുറവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

നിയമിച്ച അസിസ്റ്റന്റ് സെക്രട്ടറിമാരുടെ അധികാരം കൃത്യമായി നിർവ്വചിക്കുകയും പദ്ധതി നിർവ്വഹണത്തിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തി രണ്ടാംഘട്ട പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും വേണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവ കേരള മിഷൻ ആരംഭിച്ചത് സ്വാഗതാർഹമാണ്. ഇന്ത്യയിലെ ആദ്യത്തെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞതും രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതി നടപ്പിലാക്കിയതും ഗവൺമെന്റിന് ജനങ്ങളോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ അടിസ്ഥാന ഘടകമായ ഗ്രാമസഭകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഗ്രാമസഭകളിൽ പങ്കെടുക്കണമെന്നുള്ള തീരുമാനവും നഗരങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള NULM (National Urban Livelihoods Mission) പദ്ധതി എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ശ്രമം നടത്തുകയും നഗരസഭകളിലെ തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന വിഷയത്തിൽ അനുകൂല തീരുമാനമെടുക്കുകയും ചെയ്യണം. ആറ് മീറ്ററിൽ കൂടുതൽ വീതിയുള്ള ഗ്രാമീണ റോഡുകളുടെ സംരക്ഷണച്ചുമതല പൊതുമരാമത്ത് വകുപ്പിനെ

ഏൽപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. ദിശാബോധത്തോടുകൂടിയ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കായി ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾ രൂപീകരിക്കാനും ഗ്രാമസഭകൾ സജീവമാക്കാനും കഴിഞ്ഞു. ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കി കേരളത്തെ മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ജനങ്ങളെ ബോധവത്കരിക്കുകയും പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിന് വൻതുക പിഴ ഈടാക്കുകയും ചെയ്യണം. ജനങ്ങൾക്കുപകാരപ്രദമാകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്വജനപക്ഷപാതവും അഴിമതിയും ഇല്ലാതാക്കുന്നതിന് ഫോർ ദ പീപ്പിൾ പദ്ധതി നടപ്പിലാക്കുകയും കുടുംബശ്രീയെ ശക്തമാക്കുകയും ശ്രേഷ്ഠ പദ്ധതിയിലൂടെ വെബ് പോർട്ടൽ രൂപീകരിച്ച് അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനും നിയമസഹായം നൽകുന്നതിനും മറ്റുമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ വിജിലന്റ് ഗ്രൂപ്പ്

രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോമിനുള്ള കരാർ കുടുംബശ്രീ തയ്യൽ യൂണിറ്റുകളെ ഏൽപ്പിച്ച നടപടി സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക നൽകുന്നതിനും കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതിയോട് കാണിക്കുന്ന വിവേചനം ഒഴിവാക്കുന്നതിനും പ്രസ്തുത പദ്ധതിയെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വികസന പദ്ധതികളും ത്വരിതഗതിയിൽ നടത്തുന്നതിന് എല്ലാവരുടെയും പൂർണ്ണ സഹകരണമുണ്ടാകണം.

ശ്രീ. പി.സി. ജോർജ്: പഞ്ചായത്തുകളിൽ പദ്ധതി വിഹിതം ചെലവഴിക്കപ്പെടുന്നില്ല. പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉറവിടങ്ങളിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണം.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തവും സുതാര്യവുമാക്കുന്നതിനായി ഫോർ ദ പീപ്പിൾ പദ്ധതിയും എസ്റ്റിമേറ്റുകൾ, ബില്ലുകൾ, ടെണ്ടറുകൾ എന്നിവ സമർപ്പിക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ, ഇ-പേയ്മെന്റ് സംവിധാനവും മുഴുവൻ വീടുകളിലും ഇന്റർനെറ്റ് സൗകര്യവും സംസ്ഥാനത്തെ 941 പഞ്ചായത്തുകളെയും ഐ.എസ്.ഒ.

നിലവാരത്തിലെത്തിക്കുന്നതിനുമുള്ള നടപടിയും സ്വാഗതാർഹമാണ്. സംസ്ഥാനത്ത് സാമ്പത്തിക വികേന്ദ്രീകരണം നടപ്പിലാക്കുകയും ത്രിതല പഞ്ചായത്തുകൾക്കായി 9748 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിക്കുകയും ഭരണപരമായ വികേന്ദ്രീകരണത്തിനായി ഉദ്യോഗസ്ഥ വിന്യാസം നടപ്പിലാക്കുകയും 2664 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ത്രിതല പഞ്ചായത്തംഗങ്ങളുടെയും ആയമാരുടെയും കരാർ തൊഴിലാളികളുടെയും വേതനം വർദ്ധിപ്പിക്കുകയും ചെയ്തു. നവകേരളം സൃഷ്ടിക്കുന്നതിനായി ഹരിതകേരളം, ആർദ്രം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ പദ്ധതികൾ രൂപീകരിക്കുകയും ഗ്രാമസഭയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും ജനകീയാസൂത്രണത്തെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. കേരളത്തെ മാലിന്യമുക്തമാക്കാൻ 620 കോടി രൂപയും ആധുനിക അറവുശാലകൾക്കായി 100 കോടി രൂപയും വൈദ്യുതി ശ്മശാനങ്ങൾക്കായി 100 കോടി രൂപയും ശുചിത്വ മിഷന് 127 കോടി രൂപയും നാല് ലാന്റ് പില്ലറുകൾക്ക് 57 കോടി രൂപയും തോട്ടിപ്പണി യന്ത്രവത്കൃതമാക്കാൻ 10 കോടി രൂപയും അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ 4 ലക്ഷത്തോളം

ആളുകൾക്ക് വീടുകൊടുക്കുന്ന 'ലൈഫ്' പദ്ധതി സ്വാഗതാർഹമാണ്. ഒരു വർഷം കൊണ്ട് ഒ.ഡി.എഫ്. പ്രഖ്യാപനത്തിലൂടെ 2,22,178 കക്കൂസുകൾ നിർമ്മിച്ചുകൊടുത്തതും മുൻ യു.ഡി.എഫ്. സർക്കാർ കൊടുത്തുതീർക്കാനുണ്ടായിരുന്ന ഐ.എ.വൈ. പദ്ധതിത്തുക കൊടുത്തുതീർത്തതും സ്വാഗതാർഹമാണ്. കുടുംബശ്രീ മുഖാന്തിരം നഗരപ്രദേശങ്ങളിലുള്ളവർക്ക് വീട് കൊടുക്കാനുള്ള പദ്ധതി അംഗീകരിച്ചതും യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചതും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 361 കോടി രൂപ നീക്കിവച്ചതും ശ്ലാഘനീയമാണ്. കുടുംബശ്രീ ചെയർപേഴ്സൺമാരുടെ വേതനം വർദ്ധിപ്പിക്കാൻ തയ്യാറാകണം. ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് എയ്ഡഡ് പദവി നൽകിയതും അഗതി രഹിത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചതും 'സ്നേഹിത' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചതും സ്വാഗതാർഹമാണ്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് തുടക്കം കുറിച്ചതും വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. അനിൽ അക്കര</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ജില്ലാ/പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തതിന്റെ തിരിച്ചടവ് 2018-19 സാമ്പത്തിക വർഷത്തിൽ അവസാനിക്കുമെന്നിരിക്കെ ലൈഫ് മിഷൻ പദ്ധതി എങ്ങനെ നടപ്പിലാക്കുമെന്നും

സംസ്ഥാന ഗവൺമെന്റ് എത്ര തുകയാണ് വകയിരുത്തുന്നതെന്നും വ്യക്തമാക്കണം. വേനൽക്കാലത്ത് കുളങ്ങളും കിണറുകളും വൃത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. 13-ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെയും പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒരു റോഡുപോലും പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെയും കാരണം വ്യക്തമാക്കണം. പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തേണ്ട ലൈഫ്, ആർദ്രം, ഹരിതകേരളം പദ്ധതികൾ മറ്റുവകുപ്പുകൾ മുഖാന്തിരം നടത്തുന്നതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പിനെ പൂർണ്ണമായി തകർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. പഞ്ചായത്തുകളിൽ പി.എസ്.സി. മുഖേന ഡ്രൈവർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എൽദോ എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന് വിവിധ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അഴിമതിമുക്തമായ ഭരണം കാഴ്ചവയ്ക്കുന്നതിന്റെ ഭാഗമായി ഫോർ ദ പീപ്പിൾ സംവിധാനം ആവിഷ്കരിച്ചു. നഗരസഭാ പ്രദേശങ്ങളിൽ പാർപ്പിടം ഇല്ലാത്തവർക്കായി 29000 വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും 4000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ് കുടുംബശ്രീയെ തകർക്കുന്ന നിലപാടാണ് സ്വീകരിച്ചതെങ്കിൽ ഈ ഗവൺമെന്റ് കുടുംബശ്രീ പദ്ധതിയിലൂടെ സ്ത്രീശാക്തീകരണ

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. കാർഷിക/ക്ഷീര മേഖലകളിൽ തൊഴിൽ ചെയ്യുന്നവരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണം. കരിങ്കൽ ക്വാറിയിൽനിന്ന് കൂടുതൽ വരുമാനം ലഭിക്കാനുതകുന്ന നടപടികൾ സ്വീകരിക്കണം. കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. മാലിന്യസംസ്കരണത്തിൽ വിദേശരാജ്യങ്ങളുടെ മാതൃക സ്വീകരിച്ചു മുന്നോട്ടുപോകണം. ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങൾ മെച്ചപ്പെടുത്തണം. ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ആൻസലൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം പഞ്ചായത്ത് നഗരഭരണത്തിൽ വൻ അഴിമതി ആയിരുന്നെങ്കിൽ എൽ.ഡി.എഫ്. സർക്കാർ അഴിമതിക്കെതിരെ സന്ധിയില്ലാ സമരമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ലൈഫ്, ഹരിതകേരളം, ആർദ്രം പദ്ധതികൾ തദ്ദേശഭരണ വകുപ്പുമുഖാന്തിരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>**:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാരവികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ ജനങ്ങളിലെത്തിച്ച

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇപ്പോൾ അധികാരങ്ങൾ തിരിച്ചുപിടിക്കുകയാണ്. സാമ്പത്തിക നിയന്ത്രണത്തിന്റെ മറവിൽ പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പിനാവശ്യമായ തുക നൽകാത്ത അവസ്ഥാ വിശേഷമാണ് നിലവിലുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾക്കുള്ള തുക ഇതുവരെ കൊടുത്തിട്ടില്ല. 'ലൈഫ്' പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തിയ സർവ്വേയിലെ അപാകതകൾ പരിഹരിക്കണം. പഞ്ചായത്ത് നിർമ്മിച്ച മുഴുവൻ വീടുകൾക്കും നമ്പർ നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും കൃഷി വകുപ്പും റവന്യൂ വകുപ്പും അതിനെതിരെ ഉത്തരവുകൾ ഇറക്കുകയുണ്ടായി. 2016-17-ൽ പ്ലാൻ ഫണ്ടായി 5500 കോടി രൂപ അനുവദിച്ചെങ്കിലും 639 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിന്റെ ഫലമായി കേരളത്തിലെ പത്ത് പഞ്ചായത്തുകളിൽമാത്രമേ മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിനർഹമായ വിഹിതം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1282 കിലോമീറ്റർ ദൈർഘ്യം വരുന്ന 491 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭകരായ പ്രവാസികൾക്ക് സബ്സിഡി നൽകുന്ന കാര്യത്തിൽ പഞ്ചായത്ത് ഗൈഡ്ലൈനിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പാവപ്പെട്ട രോഗികൾക്കുള്ള

മരുന്ന് ഗവൺമെന്റ് ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്തുകളിൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനും 1300-ലധികം തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ പത്ത് കണ്ടിജന്റ് ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പത്ത് സ്ഥിരം തൊഴിലാളികളെയും നാല് താൽക്കാലിക ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഉൽപ്പാദന മേഖലയിൽ കൂടുതൽ തുക വകയിരുത്തിയതിലൂടെ അടിസ്ഥാനപരമായ മാറ്റത്തിന് തുടക്കം കുറിക്കാൻ സാധിച്ചു. പതിനഞ്ച് ശതമാനം തുക മാലിന്യ സംസ്കരണത്തിന് നീക്കിവച്ചതിലൂടെ ഈ രംഗത്ത് ആധുനികവൽക്കരണവും ശാസ്ത്രീയ സമീപനവും കൊണ്ടുവരാൻ സാധിച്ചു. തോട്ടിപ്പണിയിൽ നിന്ന് തൊഴിലാളികളെ പിൻതിരിപ്പിക്കുകയും ആരെങ്കിലും ഈ ജോലി ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അവരെ കുറ്റക്കാരാക്കുകയും അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. വി. ടി. ബൽറാം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വളരെ കുറച്ച് പദ്ധതി നിർവ്വഹണമാണ്

നടന്നത്. ബഡ്ജറ്റിൽ 5,653 കോടി രൂപ വകയിരുത്തിയതിൽ 1531 കോടി രൂപ (27%) മാത്രമാണ് ഇത്തവണ ചെലവഴിക്കാൻ സാധിച്ചത്. മുഴുവൻ പദ്ധതിയും പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 10 എണ്ണം മാത്രമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ വകുപ്പിൽ ഏറ്റവും കൂടുതൽ തസ്തികകളും ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി എന്ന പുതിയ തസ്തികയും സൃഷ്ടിച്ചു. ജനജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട നിരവധി കാര്യങ്ങളിൽ ഇടപെടാനും പരിഹാരമുണ്ടാക്കാനും യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിംഗ് ശക്തിപ്പെടുത്തുന്നതിന് എ.ഇ., ഓവർസിയർ തസ്തികകളിൽ നിയമനം നടത്തണം. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാനും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് കൃത്യമായി വിനിയോഗിക്കാനും സാധിക്കണം. പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക കൊടുക്കുന്നതിനും ബ്രിഡ്ജ് ഫണ്ട് രൂപീകരിക്കുന്നതിനും കഴിയണം. മദ്യരാജാക്കന്മാർക്കുവേണ്ടി അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന ശ്രമങ്ങൾ അവസാനിപ്പിക്കുകയും ഗ്രാമീണ മേഖലയിലെ റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തുകയും ഫേസ് II-ൽ ഏറ്റെടുക്കാൻ പോകുന്ന റോഡുകളുടെ കാര്യത്തിൽ പ്രാദേശിക

സന്തുലിതാവസ്ഥ പാലിക്കുകയും ചെയ്യണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. 1,200 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 6,450 കോടി രൂപയുടെ പ്ലാൻ ഫണ്ടിന്റെ വിനിയോഗമാണ് ഒരു വർഷം കൊണ്ട് നടക്കുന്നത്. സിനിയോരിറ്റി വിഷയവുമായി ബന്ധപ്പെട്ട കേസിൽ കഴിഞ്ഞ സർക്കാർ കക്ഷി ചേർന്നതിനാൽ 2013-നുശേഷം ഡി.പി.സി. കൂടാൻ സാധിച്ചില്ല. എന്നാൽ ഈ സർക്കാർ ഫലപ്രദമായ ഇടപെടലിലൂടെ നിരവധി ഒഴിവുകൾ നികത്തി. ഒരു വർഷം കൊണ്ട് 362 എൽ.ഡി.സി.-മാരെ പുതിയതായി നിയമിക്കുകയും വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ആശ്രിത നിയമനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. അധിക തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമങ്ങൾ സമ്പൂർണ്ണ ഒ.ഡി.എഫ്. പ്രദേശമായി പ്രഖ്യാപിക്കാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. പ്രോപ്പർട്ടി ടാക്സും പ്രൊഫഷണൽ ടാക്സും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ അടയ്ക്കാനുള്ള സൗകര്യം സംസ്ഥാനത്തെ 50 ശതമാനം പഞ്ചായത്തുകളിൽ പൂർത്തിയാകുകയും ശേഷിക്കുന്നവ

3 മാസത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്യും. സാമൂഹ്യക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. ഐ.കെ.എം.-ന്റെ കഴിഞ്ഞ വർഷത്തെ പ്ലാൻ മോണിറ്ററിംഗ് പ്രവർത്തനം പ്രശംസനീയമാണ്. അടുത്ത ഒരു വർഷത്തിനകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ഡിജിറ്റലാക്കി മാറ്റാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലുമായി 1,494 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ സാധിച്ചു. നഗരസഭകളിലേയ്ക്ക് 146 എഞ്ചിനീയറിംഗ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിറക്കുന്നതാണ്. നഗരസഭകളിലെ താല്ക്കാലിക ശുചീകരണ തൊഴിലാളികളുടെ ദിവസവേതനം 600 രൂപയാക്കി വർദ്ധിപ്പിക്കുകയും സ്ഥിരം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ നടപടി തീർപ്പാക്കുകയും ചെയ്യുന്നതാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ബഡ്ജറ്റിൽ നിക്കിവച്ച തുക പൂർണ്ണമായും ചെലവഴിക്കുകയും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എഞ്ചിനീയർമാരുടെയും ഡി.ടി.പി. ഓപ്പറേറ്റർമാരുടേയും ശമ്പളം വർദ്ധിപ്പിക്കുകയും ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ഡയറക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുകയും ചെയ്തു. കൊച്ചി സ്മാർട്ട് സിറ്റിയുടെ തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ച് കേന്ദ്ര

ഗവൺമെന്റ് നിഷ്കർഷിച്ച സമയത്ത് പദ്ധതി പൂർത്തിയാക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച അമൃത് നഗരങ്ങളുടെ പട്ടികയിൽപ്പെട്ട 9 നഗരങ്ങൾക്കായി 2,357 കോടി രൂപയുടെ 375 പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. ഗ്രാമവികസന മേഖലയിൽ ഒരു വർഷത്തിനിടയിൽ 637 പേർക്ക് നിയമനം നൽകാൻ സാധിച്ചു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത വി.ഇ.ഒ. ഉൾപ്പെടെയുള്ള ഒഴിവുകൾ ജൂൺ മാസത്തോടുകൂടി നികത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം 314 കിലോമീറ്റർ റോഡ് പൂർത്തിയാക്കുകയും 320 കിലോമീറ്റർ റോഡിന്റെ അനുമതി ലഭിക്കുകയും 79 റോഡുകൾ ടെണ്ടർ ചെയ്യുകയും 5 റോഡുകൾ റീ-ടെണ്ടർ ചെയ്യുകയും ശേഷിക്കുന്നവയുടെ ഡി.പി.ആർ. പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ഐ.ഡി.എഫ്.-ൽ 2016-17-ൽ 45.38 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും പി.എം.എ.വൈ. പദ്ധതി പ്രകാരം 32,559 വീടുകൾക്ക് യൂണിറ്റൊന്നിന് 78,000 രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും ചെയ്തു. എല്ലാ ഭവനപദ്ധതികളും ലൈഫ് പാർപ്പിട മിഷന്റെ ഭാഗമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ 225 എഞ്ചിനീയർമാരെ നിയമിക്കുകയും ഒഴിവുള്ളവയിൽ ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുകയുമാണ്. ബെനിഫിഷ്യറി കമ്മിറ്റികളുടെ പ്രവൃത്തികൾ 5

ലക്ഷം രൂപയിൽ നിന്ന് അൻപതിനായിരം രൂപയാക്കി കുറയ്ക്കുകയും 5 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് മാന്വൽ ടെണ്ടറും അതിന് മുകളിലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറും നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ കേഡർ മാത്രമുണ്ടായിരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിൽ 32 തസ്തികകൾ സൃഷ്ടിച്ച് മിനിസ്റ്റീരിയൽ വിംഗ് നടപ്പാക്കിയതും പ്രൈസ് സോഫ്റ്റ്‌വെയറിലൂടെ 6,687 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ടി.എസ്. നൽകാൻ സാധിച്ചതും നേട്ടങ്ങളാണ്. വേതനത്തിലോ സോഷ്യൽ സ്റ്റാറ്റസ്സിലോ ഇടിവ് സംഭവിക്കാതെ എഞ്ചിനീയർമാർക്ക് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ശമ്പളം നൽകുന്നതിനുള്ള ഉത്തരവ് ഇറക്കുന്നതാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും പ്രത്യേകം ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്ത് നടപ്പിലാക്കുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായ തീർപ്പുണ്ടാക്കാൻ ഒരു ഇന്റലിജന്റ്സ് സോഫ്റ്റ്‌വെയറിനുള്ള പദ്ധതി പൈലറ്റ് പ്രോജക്ടായി കോഴിക്കോട് കോർപ്പറേഷനിൽ 3 മാസത്തിനകവും ഒരു വർഷത്തിനുള്ളിൽ മറ്റ് കോർപ്പറേഷനുകളിലും 2 വർഷത്തിനകം മുനിസിപ്പാലിറ്റികളിലും തുടർന്ന് പഞ്ചായത്തുകളിലും നടപ്പാക്കുന്നതാണ്. നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിരുന്ന ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് റീ സ്ട്രക്ച്ചർ ചെയ്ത് നടപ്പിലാക്കാനുള്ള

നടപടികൾ അന്തിമഘട്ടത്തിലാണ്. സി.ടി.പി., ഡി.ടി.പി. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ അദാലത്തുകൾ വഴി തീർപ്പാക്കാൻ നിർദ്ദേശം നൽകുകയും 93 നഗരസഭകൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി 42 എണ്ണം പൂർത്തിയാകുകയും ശേഷിക്കുന്നവ ഈ വർഷം പൂർത്തിയാക്കുന്നതുമാണ്. അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ദിശ 2017 എന്ന ക്യാമ്പയിന് തുടക്കം കുറിക്കുകയും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 19140 അയൽക്കൂട്ടങ്ങൾ പുതിയതായി രൂപീകരിക്കുകയും ചെയ്തു. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 6,000 രൂപയായി വർദ്ധിപ്പിക്കുകയും കുടുംബശ്രീ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരുടെയും വേതനം 50 ശതമാനത്തിലധികം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ സൂപ്പർ മാർക്കറ്റുകൾ വ്യാപകമാക്കാനും ഓരോ ജില്ലയിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രീമാരിറ്റൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. നിരാലംബരായ സഹോദരിമാർക്കും അമ്മമാർക്കും സൗജന്യ നിയമ സഹായം നൽകുന്നതിന് ഒരു സീനിയർ വനിതാ അഭിഭാഷകയുടെ മുഴുവൻ സമയ സേവനം പ്രാരംഭ ഘട്ടത്തിൽ ജില്ലാടിസ്ഥാനത്തിലും തുടർന്ന് ബ്ലോക്ക്, നഗരസഭാ അടിസ്ഥാനത്തിലും ഏർപ്പെടുത്തുന്നതാണ്. ഒരു കുടുംബത്തിൽനിന്ന് രണ്ടുപേർക്ക് കുടുംബശ്രീയിൽ

അംഗത്വം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. എല്ലാ നഗരസഭകളിലും തെരുവോര കച്ചവടക്കാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടികൾ കൈക്കൊണ്ടുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാരുടെയും നേഴ്സറി ടീച്ചർമാരുടെയും വേതനം 12,000 രൂപയായും ആയമാരുടെ ശമ്പളം 8000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ 'ലൈഫ്'-ന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഭൂമിയും ഭവനവുമില്ലാത്തവർക്ക് എല്ലാ ജില്ലകളിലും ഫ്ലാറ്റുകൾ നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് പരിശോധിച്ച് വരുന്നതോടൊപ്പം ജീവനക്കാരെ സംബന്ധിക്കുന്ന പരാതികൾ പൊതുജനങ്ങൾക്ക് സമർപ്പിക്കാൻ 'ഫോർ ദ പീപ്പിൾ' എന്ന വെബ് പോർട്ടൽ ആരംഭിക്കുകയും ചെയ്തു. അഴിമതിയുമായി ബന്ധപ്പെട്ട് ഒരു കോർപ്പറേഷൻ സെക്രട്ടറിയേയും ഒരു മുനിസിപ്പൽ സെക്രട്ടറിയേയും ഒരു ഹെൽത്ത് ഇൻസ്പെക്ടറേയും ഒരു പഞ്ചായത്ത് സെക്രട്ടറിയേയും സസ്പെന്റ് ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെർഫോർമെൻസ് സംബന്ധിച്ച പരാതികൾ ബോധിപ്പിക്കുന്നതിന് ഒരു പരാതിപ്പെട്ടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ സംരംഭങ്ങൾക്ക് നാല് ശതമാനം പലിശയിൽ സഹായം നൽകുന്ന പദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതാണ്. കാർഷിക

പഞ്ചായത്തുകളെ സഹായിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലനിർത്തേണ്ടതും പൂർത്തിയാക്കേണ്ടതുമായ കാലാവധി കഴിഞ്ഞ കെ.എസ്.യു.ഡി.പി. പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായം സർക്കാർ നൽകുന്നതാണ്. സോഫ്റ്റ്‌വെയർ നിലവിൽ വരുന്നതോടെ കെട്ടിട പെർമിറ്റുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരമുണ്ടാകുന്നതാണ്. ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കും. എഞ്ചിനീയറിംഗ് കോളേജുകളിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും ആർക്കിടെക്ച്ചറൽ ഡിപ്പാർട്ടുമെന്റും ചേർന്ന് ഇന്റേൺഷിപ്പ് രൂപത്തിൽ കോഴ്സ് കഴിഞ്ഞതിനുശേഷം ഒരു വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാനുള്ള സൗകര്യമൊരുക്കുന്നതിന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായി ചർച്ച നടത്തുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാരുടെ പെൻഷൻ സംബന്ധിച്ച് സംഘടന മുന്നോട്ടുവച്ചിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തെരുവോര കച്ചവടക്കാർക്ക് ഐ.ഡി. കാർഡ് എത്രയും വേഗം വിതരണം ചെയ്യുന്നതാണ്. യു.എ. നമ്പർ കിട്ടിയിട്ടുള്ളവർക്ക് പെർമനന്റ് നമ്പർ ലഭിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ അദാലത്തുകൾ നടത്തി പരിഹരിക്കുന്നതാണ്. ട്രഷറിയിൽ സമർപ്പിച്ച 2015-16-ൽ പൂർത്തിയാക്കിയ പണികളുടെ ബില്ലുകൾക്ക് പണം നൽകുകയും 2016-17-ൽ

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകൾക്കെല്ലാം സ്പിൽ ഓവർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഉത്പാദന മേഖലയിൽ നീക്കിവയ്ക്കുന്ന പണം പ്രയോജനപ്പെടുത്തി പ്രവാസികൾക്ക് ഉതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടാത്ത സാഹചര്യമുണ്ടെങ്കിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXV1-ാം നമ്പർ ധനാഭ്യർത്ഥനയും 26-നെതിരെ 72 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.32-ന് പിരിഞ്ഞു.

* * * * * * * * * *